## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2926 — 12.10.2011-ൽ മറുപടിക്ക്

### കാർഷിക എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേരളത്തിലെ ധാന്യോത്പാദന പുനരുദ്ധാരണത്തിനുവേണ്ടി പ്രത്യേക കാർഷിക എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കാമെന്നുള്ള നിർദ്ദേശം നടപ്പിലാക്കാൻ നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ടോ; | എ) ആലോചനയിലാണ്. |
| ബി) 2011 ആഗസ്റ്റ് 29, 30 തീയതികളിൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് (ഇന്ത്യ) യുടെ കാർഷിക യന്ത്രങ്ങളുടെ പ്രദർശനം നടന്നതുപോലെ കൃഷിക്കാർക്കും പൊതുജനങ്ങൾക്കും അറിവുപകരുന്ന കാർഷിക യന്ത്രങ്ങളുടെ പ്രദർശനം എല്ലാ വർഷവും നടത്തുവാൻ നടപടി സ്വീകരിക്കുമോ; | ബി) ഈ പ്രദർശനം ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സ് കേരളാ സ്റ്റേറ്റ് സെൻറർ ആണ് നടത്തിയത്. സർക്കാർ തലത്തിലും ഇത്തരത്തിലുള്ള കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും പരിശീലനവും നൽകാൻ പദ്ധതിയുണ്ട്. |
| സി) തിരുവനന്തപുരം ജില്ലയിലെ ഒരു ഗ്രാമ പഞ്ചായത്തിനെ മാതൃകാ യന്ത്രവൽക്കൃത ഗ്രാമമായി തിരഞ്ഞെടുത്ത് പ്രവർത്തിക്കാനുള്ള ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സിന്റെ പരിശീലന പരിപാടികൾക്കും കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനും വേണ്ട സാമ്പത്തികസഹായം നൽകാൻ നടപടി സ്വീകരിക്കുമോ ? | സി) തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ